ഉത്തരം

(എ)&(ബി) ഇല്ല. ഗുണനിലവാരമുള്ള അരി മാത്രമേ റേഷൻ വിതരണത്തിന് തെരഞ്ഞെടുക്കാറുള്ളൂ. ജില്ലാ സപ്ലൈ ഓഫീസറും ഫുഡ് കോർപ്പറേഷൻ ജില്ലാ മാനേജരും ഗുണനിലവാരവിഭാഗം ഉദ്യോഗസ്ഥർ എന്നിവരും ഒരുമിച്ച് പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമേ അരി റേഷൻ വ്യാപാരികൾക്ക് വിതരണത്തിനായി നൽകാറുള്ളൂ.

ഉപയോഗശൂന്യമായ അരി വിതരണം നടത്തിയതായി പരാതി

74 (120) ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ റേഷൻ വിതരണത്തിനായി റേഷൻ വ്യാപാരികൾക്ക് നൽകിയ അരി ഉപയോഗശൂന്യമായിരുന്നെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മൂന്നു വർഷം പഴക്കമുള്ള അരിയാണ് കഴക്കൂട്ടം എഫ്.സി.ഐ ഡിപ്പോയിൽ സ്റ്റോക്കുള്ളതെന്ന വിവരം വാസ്തവമാണോ;

(സി) എങ്കിൽ ഇത്തരം അരിയുടെ വിതരണം നിർത്തിവയ്ക്കാനും പകരം ഗുണനിലവാരമുള്ള അരി വിതരണത്തിന് നൽകാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) അല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണെണ്ണ വിതരണം

75 (121) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ഒരു വർഷം എത്ര മെ.ടൺ മണ്ണെണ്ണയാണ് ലഭിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇതിൽ പൊതുവിതരണ ശൃംഖല വഴി എത്ര മെ.ടൺ വിതരണം ചെയ്തു വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഗാർഹികാവശ്യത്തിന് എത്ര മെ.ടൺ വിതരണം ചെയ്യുന്നു എന്ന് വിശദീകരിക്കാമോ;

(ഡി) മത്സ്യബന്ധനമേഖലയ്ക്ക് എത്ര മെ.ടൺ മണ്ണെണ്ണയാണ് പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്നത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly